പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 262 **29-10-2026-ൽ മറുപടിയ്ക്ക്**

പട്ടയ വിതരണം തുടരാൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ഷിബു തെക്കുംപുറം

ശ്രീ. അപു ജോൺ ജോസഫ്

ശ്രീ. റെജി ചെറിയാൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

(എ) റവന്യൂ വകുപ്പിന്റെ ഏതൊക്കെ പദ്ധതികളാണ് സർക്കാരിന്റെ നൂറുദിന കർമ്മ പദ്ധതിയിൽ ഉൾപ്പെട്ടിരുന്നത്; അറിയിക്കാമോ;

മറുപടി: സർക്കാരിന്റെ നൂറുദിന കർമ്മ പദ്ധതിയുടെ ഭാഗമായി റവന്യൂ വകുപ്പിന്റെ താഴെ പറയുന്ന പദ്ധതികളാണ് ഉൾപ്പെടുത്തിയിരുന്നത്.

1. സംസ്ഥാനത്താകമാനം 100 ദിവസത്തിനകം 25,000 തരംമാറ്റ അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുന്നതാണ്.
2. സംസ്ഥാന വ്യാപകമായി പട്ടയമേളകൾ സംഘടിപ്പിക്കുന്നതാണ്.
3. ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കിയ 227 വില്ലേജുകളിൽ ശേഷിക്കുന്ന 50000-ഓളം LRM പരാതികളിന്മേൽ തീർപ്പു കൽപ്പിക്കുന്നതാണ്.
4. ഭൂവുടമകളുടെ ഡിജിറ്റൽ സർവ്വേ സംബന്ധിച്ചുള്ള എല്ലാവിധ സംശയങ്ങളും പരിഹരിക്കുന്നതിനുള്ള ഒരു AI Chatboat സംവിധാനം നിലവിൽ കൊണ്ടുവരും.
5. റവന്യൂ വകുപ്പിലെ എല്ലാ റവന്യൂ പോർട്ടലുകളുടെയും സംയോജനത്തിലൂടെ ഒരു സിംഗിൾ സൈൻ-ഓൺ സംവിധാനം നടപ്പിലാക്കും.
6. ഒൻപത് സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ ഉദ്ഘാടനവും അഞ്ച് പുതിയ സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ നിർമ്മാണോദ്ഘാടനവും നടപ്പിലാക്കും.
7. അമിതമായ ഫെയർ വാല്യൂ ഉള്ള സ്ഥലങ്ങളുടെ പരിശോധന സമയബന്ധിതമായി പൂർത്തീകരിക്കും.

(ബി) പ്രസ്തുത പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര പദ്ധതികൾ പൂർത്തീകരിക്കാൻ കഴിഞ്ഞെന്നും അവ ഏതൊക്കെയെന്നും അറിയിക്കാമോ;

മറുപടി: പ്രസ്തുത പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ട്. 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി 25000 തരം മാറ്റ അപേക്ഷകളിൽ തീർപ്പ് കല്പിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. എന്നാൽ, 55,768 അപേക്ഷകളിൽ തീർപ്പ് കല്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാന വ്യാപകമായി 11428 പട്ടയങ്ങൾ വിതരണം ചെയ്തു. ഡിജിറ്റൽ സർവ്വെ പൂർത്തീകരിച്ച വില്ലേജുകളിൽ 50,000 LRM

അപേക്ഷകളിന്മേൽ തീർപ്പുകല്പിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്ന സ്ഥാനത്ത് ആകെ 81,421 അപേക്ഷകൾ തീർപ്പാക്കാൻ സാധിച്ചു. കൂടാതെ, പത്ത് സ്മാർട്ട് വില്ലേജോഫീസുകളുടെ ഉദ്ഘാടനവും പത്ത് സ്മാർട്ട് വില്ലേജോഫീസുകളുടെ നിർമ്മാണോദ്ഘാടനവും നിർവ്വഹിച്ചിട്ടുണ്ട്.

(സി) നൂറുദിന കർമ്മ പദ്ധതി പ്രകാരം എത്ര പട്ടയങ്ങൾ വിതരണം ചെയ്തു; ഇത് പദ്ധതിയുടെ പ്രഖ്യാപിച്ച ലക്ഷ്യത്തെക്കാൾ കൂടുതലാണോ; അറിയിക്കാമോ;

<u>മറുപടി:</u> നൂറുദിന കർമ്മ പദ്ധതി പ്രകാരം ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ പട്ടയമേളകൾ സംഘടിപ്പിക്കുകയും 11428 പട്ടയങ്ങൾ വിതരണം ചെയ്യുകയുമുണ്ടായി. ഇത് പദ്ധതിയുടെ പ്രഖ്യാപിച്ച ലക്ഷ്യത്തെക്കാൾ കൂടുതലാണ്.

(ഡി) കാര്യക്ഷമമായ പട്ടയ വിതരണം ഇതേ നിലയിൽ തുടരുന്നതിനും കൂടുതൽ ജനവിഭാഗങ്ങളിലേക്കെത്തിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>മറുപടി:</u> കാര്യക്ഷമമായ പട്ടയ വിതരണം ഇതേ നിലയിൽ തുടരുന്നതിനും കൂടുതൽ ജനവിഭാഗങ്ങളിലേക്കെത്തിക്കുന്നതിനും പട്ടയമേളകൾ സംഘടിപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിൽ ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ പട്ടയമേളകൾ നടന്നിട്ടുള്ളതാണ്. മറ്റു ജില്ലകളിൽ പട്ടയമേളകൾ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ